**പതിമൂന്നാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6110 — 09.07.2013 ന് മറുപടിയ്ക്ക്

**ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തിയിൽ പുതിയ ഇക്കോ ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വനം വകുപ്പ് താഴെപറയുന്ന ഇക്കോടൂറിസം പദ്ധതികൾ പുതിയതായി നടപ്പിലാക്കുവാൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ 'Explore Wild Munnar' എന്ന ഒരു ഏകദിന വന സന്ദർശന പരിപാടിയും, മണ്ണാർക്കാട് ഡിവിഷനിലെ തൊട്ടുകാപ്പ്, നിലമ്പൂർ നോർത്ത് ഡിവിഷനിലെ കോഴിപ്പാറ, കോന്നി ഡിവിഷനിൽ അടവി, വാഴപ്പാറ, കാട്ടാത്തി, പുനലൂർ ഡിവിഷനിലെ കുടുക്കത്തുപാറ, വയനാട് നോർത്ത് ഡിവിഷനിലെ മുനീശ്വരൻ കോവിൽ, കോഴിക്കോട് ഡിവിഷനിൽ നാദാപുരം എന്നീ സ്ഥലങ്ങളിൽ പുതിയ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുവാനുള്ള കർമ്മ പരിപാടി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കോന്നി ഡിവിഷനിലെ അടവി ഇക്കോടൂറിസം പദ്ധതിക്കായി ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വനം വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയുടെ സഹായത്തോടെ കേരള വനം വികസന കോർപ്പറേഷനും പുതിയ ഇക്കോടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ കല്ലാർ, കോട്ടൂർ ആന ക്യാമ്പ്, അരിപ്പ ആലപ്പുഴ ജില്ലയിൽ പുറക്കാട്, പത്തനംതിട്ട ജില്ലയിൽ ഗവി, ഇടുക്കി ജില്ലയിൽ വാഗമൺ, മൂന്നാർ, വയനാട് ജില്ലയിൽ കമ്പമല, കുറുവദ്വീപ്, പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി എന്നിവിടങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രകൃതിപഠനത്തിനായി ജംഗിൾ ക്യാംപിംഗ്, ട്രക്കിംഗ് എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്. |

(ബി) നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശം അറിയിക്കുമോ

(ബി) നിലവിലുള്ള ഇക്കോടൂറിസം പദ്ധതികളായ പാലക്കാട് ഡിവിഷനിലെ അനങ്ങൻമല, കോന്നി ഡിവിഷനിലെ കോന്നി ഇക്കോടൂറിസം, തിരുവനന്തപുരം ഡിവിഷനിലെ പൊന്മുടി, കല്ലാർ, തെന്മല ഡിവിഷനിലെ പാലരുവി, അച്ചൻകോവിൽ ഡിവിഷനിലെ മണലാർ-കുംഭാവുരുട്ടി, മലയാറ്റൂർ ഡിവിഷനിലെ മുളങ്കുഴി, നോർത്ത് വയനാട് ഡിവിഷനിലെ പക്ഷിപാതാളം, കോഴിക്കോട് ഡിവിഷനിലെ ജാനകിക്കാട്, തുഷാരഗിരി, കാക്കവയൽ, വനപർവ്വം, സൗത്ത് വയനാട് ഡിവിഷനിലെ പാക്കം-കുറുവ, ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലെ ശെന്തുരുണി ഇക്കോടൂറിസം തുടങ്ങിയ ഇക്കോടൂറിസം സെന്ററുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കേരള വനം വികസന കോർപ്പറേഷന്റെ ഗവിയിലും, അരിപ്പയിലും, മൂന്നാറിലും നിലവിലുള്ള ഇക്കോടൂറിസം പദ്ധതിയിൽ സന്ദർശകർക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

(സി) പാലക്കാട് ഡിവിഷനിലെ അനങ്ങൻമല ഇക്കോടൂറിസം പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇക്കോടൂറിസം വകുപ്പിൽനിന്നും ധനസഹായത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോന്നി ഡിവിഷനിലെ കോന്നി ഇക്കോടൂറിസം പദ്ധതിയുടെ തുടർച്ചയായി 30 ലക്ഷം രൂപ മുടക്കി ആനക്കൂടുകളുടെ നിർമ്മാണം, ആർച്ച് ഗേറ്റിന്റെ നിർമ്മാണം, ഓഡിയോ വിഷ്വൽ സെന്ററിന്റെ നവീകരണം, ആന മ്യൂസിയത്തിന്റെ നവീകരണം, ചിൽഡ്രൻസ് പാർക്കിന്റെ വികസനം എന്നിവ നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. തെന്മല ഡിവിഷനിലെ പാലരുവി ഇക്കോടൂറിസം പദ്ധതിയുടെ വികസനത്തിനായി ഹാബിറ്റാറ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അച്ചൻ കോവിൽ ഡിവിഷനിലെ മണലാർ-കുംഭാവുരുട്ടി ഇക്കോടൂറിസം പദ്ധതിയുടെ നവീകരണത്തിനായി 59 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മലയാറ്റൂർ ഡിവിഷനിലെ മുളങ്കുഴി ഇക്കോടൂറിസം പദ്ധതി പെരുന്തോട് തൂക്കുപാലം ഉൾപ്പെടുത്തി നവീകരണത്തിനായുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ പക്ഷിപാതാളം ഇക്കോടൂറിസം പദ്ധതിയുടെ വികസനത്തിനായി 18 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള എല്ലാ

ഇക്കോടൂറിസം കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യ വികസനം, കമ്പ്യൂട്ടർവല്ക്കരണം, വാഹന പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണം, പ്രകൃതി പഠന ക്യാമ്പുകൾ എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

ജംഗിൾ ക്യാമ്പിൽ ടെന്റുകളുടെ നവീകരണം, നിലവിൽ ലഭ്യമായ മുറികളുടെ നവീകരണം, കേറ്ററിംഗ് സംവിധാനം മെച്ചപ്പെടുത്തൽ, പ്രകൃതിപഠനത്തിനായി മ്യൂസിയം, ഇന്റർപ്രട്ടേഷൻ സെന്റർ എന്നിവ സ്ഥാപിക്കാൻ കേരള വനം വികസന കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.